# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2205 17.02.2016 ൽ മറുപടിയ്ക്ക്

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നാളിതു വരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) | മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ 186.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വകുപ്പിലെ എത്ര ജീവനക്കാർക്ക് ട്രെയിനിംഗ് ലഭ്യമാക്കി; അതിന് എത്ര രൂപ ചെലവാക്കി; മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി എന്നാണ് ആരംഭിച്ചത്; എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചത്; ഇത്രയും കാലതാമസം ഉണ്ടാകാൻ കാരണമെന്ത്; | (ബി) | ഇ-ഗവേണൻസ് പദ്ധതി പ്രകാരം വകുപ്പിലെ 204 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കി. വകുപ്പിലെ ജീവനക്കാർക്ക് ട്രെയിനിംഗ് നടത്തിയ ഇനത്തിൽ 8003/- രൂപ ചെലവായി. മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി ഏപ്രിൽ 2011 നാണ് ആരംഭിച്ചത്. ഒക്ടോബർ 2013 ൽ പൂർത്തീകരിക്കും എന്നാണ് എൻ.ഐ.സി അറിയിച്ചിരുന്നത്.എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ കാലതാമസമുണ്ടായിട്ടുണ്ട്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 1967 പ്രകാരമായിരുന്നു എൻ.ഐ.സി, ഇ-ഗവേണൻസ് പദ്ധതിയുടെ സോഫ്റ്റ് വെയർ തയ്യാറാക്കിയിരുന്നത്. എന്നാൽ 2015 ഫെബ്രുവരിയിൽ പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുതിയചട്ടങ്ങൾ നിലവിൽ വന്നു. ഇതിനായി തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ടി വന്നു. ഇ-ഗവേണൻസ് സോഫ്റ്റ് വെയറിൽ 11 മൊഡ്യൂൾസ് പിന്നീട് കൂട്ടിച്ചേർക്കുന്നതിനും ഇ-ട്രഷറി സംവിധാനം വഴി ഇ-പെയ്മെന്റ് നടത്തുന്നതിനായി സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനും വകുപ്പ് നടത്തിയ വിവിധ ട്രെയിനിംഗുകളിലും ഡെമോകളിലും ഉപയോക്താക്കൾ ആവശ്യപ്പെട്ട മാറ്റങ്ങൾ ഉൾകൊള്ളിക്കുന്നതിനും കാലതാമസമുണ്ടായി. കൂടാതെ സോഫ്റ്റ് വെയർ തയ്യാറാക്കുന്ന എൻ.ഐ.സി യിൽ പ്രോഗ്രാമർമാരെ തെരഞ്ഞെടുക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ട്രെയിനിംഗ് നൽകുന്നതിലുണ്ടായ കാലതാമസവും കാരണങ്ങളായിട്ടുണ്ട്. |
| (സി) | ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതു മൂലം നിലവിലെ ചട്ടങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; മൈനിംഗ് & ജിയോളജി വകുപ്പിൽ താലൂക്കുതല ഓഫീസുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | (സി) | കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 ലെ ചട്ടം 102 ൽ ഓൺ ലൈനായി ഖനനാനുമതിക്കായി അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ)റൂൾസ് 2015 ൽ ചട്ടം 26(6) പ്രകാരം ഇ-പാസ്സ് നൽകുന്നതിനായുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിൽ താലൂക്ക്തല ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**